(സി) സംസ്ഥാനത്തെ ഇ-മാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും ക്ലീൻ കേരള കമ്പനിയെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്.

ഇ-മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാൻ വിദ്യാഭ്യാസ വകുപ്പും നഗരകാര്യ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-മാലിന്യ ശേഖരണ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ ശേഖരിച്ച കൈമാറുന്ന ഇ-മാലിന്യങ്ങൾക്ക് വില നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തലസ്ഥാന നഗരസഭയിലെ ശ്രുചിത്വ വാർഡുകൾ

142 (1516) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരസഭയിൽ എത്ര വാർഡുകളെ ശ്രുചിത്വ വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) ഈ വാർഡുകളിൽ ശ്രുചിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥിരം ഒഴിവുകളിലേയ്ക്കല്ലാതെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) ശ്രുചിത്വ വാർഡ് പ്രഖ്യാപനശേഷവും ആ വാർഡുകളിൽ മാലിന്യ ക്കൂമ്പാരങ്ങൾ കത്തിക്കുന്ന പ്രക്രിയ തുടരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന സംവിധാനമൊരുക്കാതെ, ക്യാമറകൾ സ്ഥാപിച്ച് നഗരവാസികളെ നിരീക്ഷിക്കുന്നത് ജനവിരുദ്ധ നടപടി യാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ അടിയന്തരമായി കൈക്കൊള്ളുമോ ?

ഉത്തരം

(എ) (തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരമുള്ളത്) 51 വാർഡുകൾ.

(ബി) ആരെയും നിയമിച്ചിട്ടില്ല.

(സി&ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly